# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2293     09.12.2014 ൽ മറുപടിക്ക്

## സബർബൻ റെയിൽവേ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.ഉബൈദുള്ള : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സബർബൻ റെയിൽവേ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) യും (ബി) യും | സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013- ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതു മേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി ചിലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുമെന്നാണ് പദ്ധതിയുടെ DPR ലെ ശുപാർശ. |
| (ബി) | പദ്ധതിയുടെ ആദ്യഘട്ട പുരോഗതികൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | | |
| (സി) | മലബാറിലെ ജനങ്ങളുടെ യാത്രാ ദുരിതത്തിന് പരിഹാരം കാണുന്നതിന് നിർദ്ദിഷ്ട സബർബൻ റെയിൽ മലബാറിലേക്കു കൂടി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) | DPR പ്രകാരം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരത്ത് നിന്നും ചെങ്ങന്നൂർ വരെയാണ് സബർബൻ സർവ്വീസ് ഉദ്ദേശിക്കുന്നത്. തുടർന്ന് എറണാകുളം വരെ ദീർഘിപ്പിച്ച് രണ്ടര മണിക്കൂർ കൊണ്ട് തിരുവനന്തപുരം-എറണാകുളം റൂട്ടിൽ ട്രെയിൻ സർവ്വീസ് നടത്താനാണ് ഉദ്ദേശിക്കുന്നത്. മലബാർവരെ ഈ സേവനം ഏർപ്പെടുത്താൻ സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സബർബൻ പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? | | നിലവിലുള്ള റെയിവേ ലൈനുകളിൽ ട്രെയിനുകൾ ഒരു നിശ്ചിത ദൂരത്തേയ്ക്ക് മാത്രം ഓടിയ്ക്കുന്നതിനുള്ള പദ്ധതിയാണിത്. ഇൻഡ്യൻ റെയിൽവേയുടെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കേണ്ടി വരുന്നത്. അതിനാൽ പദ്ധതിയുടെ ഓപ്പറേഷൻ, മെയിന്റിനൻസ് എന്നിവ സംബന്ധിച്ചും സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഘടന സംബന്ധിച്ചും ഫണ്ടിംഗ് സംബന്ധിച്ചും ഒക്കെ വളരെ വിശദമായ വിലയിരുത്തലുകളും കൂടിയാലോചനകളും ആവശ്യമാണ്. ഇതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. റെയിൽവേ മന്ത്രാലയവുമായും കേന്ദ്രസർക്കാരുമായും സംസ്ഥാന സർക്കാർ ഇതു സംബന്ധിച്ച് നിരന്തരമായി ഇടപെടൽ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ